**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **27-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ പൊതുമേഖലയിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | **വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | 2021 – 2022 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ് എന്നീ കമ്പനികൾ പ്രവർത്തനലാഭം നേടിയിട്ടുണ്ട്. |
| (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ, സിഡ്കോ ടൂൾ റൂം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | പട്ടാമ്പി നിയോജകമണ്ഡലത്തിൽ സിഡ്കോയുടെ നിയന്ത്രണത്തിൽ മിനി വ്യവസായ എസ്റ്റേറ്റ് (1 ഏക്കർ) പ്രവർത്തിക്കുന്നു. പ്രസ്തുത എസ്റ്റേറ്റിൽ 10 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിലാണ് സിഡ്കോ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത്. പ്രധാനമായും റേറ്റ് കോൺട്രാക്ട് അടിസ്ഥാനമാക്കിയുള്ള ഐ. എസ്. ആർ. ഒ.യുടെ ഉൽപ്പന്നങ്ങളാണ് അവിടെ നിർമ്മിച്ചുവരുന്നത്. സി. എൻ. സി. മെഷീനുകളിൽ തൊഴിൽ പരിശീലനവും നൽകി വരുന്നു. |
| (ഡി) | പാലക്കാട് ജില്ലയിൽ നാളിതുവരെ പ്രവർത്തനത്തിന് അനുമതി നൽകാത്ത വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പാലക്കാട് ജില്ലയിൽ നാളിതുവരെ പ്രവർത്തനത്തിന് അനുമതി നൽകാത്ത വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | കമ്പനിയുടെ പേര് |
|---|---|
| 1. | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 2. | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ പൊതുമേഖലാസ്ഥാപനങ്ങളുടെ ചുവടെ ചേർക്കുന്ന യൂണിറ്റുകളും പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നു.

| | |
|---|---|
| 1. | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ ഫോർജിംഗ് യൂണിറ്റ്, ഷൊർണ്ണൂർ |
| 2. | കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒലവക്കോട് യൂണിറ്റ് |
| 3. | സിൽക്കിന്റെ ഒറ്റപ്പാലത്തുള്ള ഫൗണ്ടറി യൂണിറ്റ് |
| 4. | കെൽപാമിന്റെ കല്ലേപ്പുള്ളി യൂണിറ്റ് |
| 5. | കേരള സിഡ്കോയുടെ നിയന്ത്രണത്തിൽ പാലക്കാട് ജില്ലയിൽ സിഡ്കോ മാർക്കറ്റിംഗ് സെന്റർ, സിഡ്കോ റോ മെറ്റീരിയൽ ഡിപ്പോ, വ്യവസായ എസ്റ്റേറ്റുകൾ |

സെക്ഷൻ ഓഫീസർ